

പ്രതിരോധ കുത്തിവെപ്പുകൾ

കേരള ശാസ്ത്ര സാഹിത്യപരിഷത്ത്

50 പൈസ

ഗ്രാമശാസ്ത്രജാഥ

"ഇന്ത്യ ഗ്രാമങ്ങളിലാണ് ജീവിക്കുന്നതെന്ന്" മഹാത്മജി പറഞ്ഞു. ആ വാചകത്തിന്റെ അർത്ഥം ഉൾക്കൊള്ളാതെ ഇന്നും പലരും അതാവർത്തിക്കുന്നു.

ഗ്രാമങ്ങളിലെ ജനജീവിതം ഇന്നും പ്രശ്നങ്ങൾ നിറഞ്ഞതാണ്: അന്ധവിശ്വാസങ്ങളും അശാസ്ത്രീയതകളും ഇന്നും ഗ്രാമങ്ങളിൽ കൊടികുത്തി വാഴുന്നു.

ഗ്രാമത്തിലെ സ്കൂളിന്റെയും ആശുപത്രിയുടെയുമൊക്കെ സ്ഥിതി പരിശോധിച്ചു നോക്കൂ. ഗ്രാമത്തിലെ കൃഷിയുടെയും വികസന പ്രവർത്തനങ്ങളുടെയുമൊക്കെ സ്ഥിതി നോക്കൂ.

ഗ്രാമീണ വികസനത്തെ ഉദ്ദേശിച്ച് ഏറെ പദ്ധതികൾ ആസൂത്രണം ചെയ്യപ്പെടുന്നു. പക്ഷെ അവയിൽ ഭൂരിഭാഗവും ഏശേണ്ടിടത്ത് ഏശുന്നില്ല.

കർഷകനും കർഷകത്തൊഴിലാളിയും ചെറുകച്ചവടക്കാരും കൈത്തൊഴിലുകാരും എല്ലാം ഈ പന്തികേടിൽപെട്ട് നട്ടം തിരിയുന്നുണ്ട്.

എന്താണീ പന്തികേടിനുകാരണം? എന്താണിതിന് പരിഹാരം? ബഹുഭൂരിപക്ഷം വരുന്ന ജനങ്ങൾക്ക് സ്വന്തം പ്രശ്നങ്ങളെ ശാസ്ത്രീയമായി അപഗ്രഥിക്കാനും അവയ്ക്ക്

ശാസ്ത്രീയമായ പരിഹാരം കണ്ടെത്താനും കഴിഞ്ഞെ പ്രശ്നങ്ങൾക്ക് അറുതി വരൂ.

ആവഴിക്കുള്ള ഒരെളിയ ശ്രമമാണ് ശാസ്ത്രസാഹിത്യപരിഷത്തിന്റെ ഗ്രാമശാസ്ത്ര ജാഥ.

ഗ്രാമീണപ്രശ്നങ്ങളുമായി ഇടപഴകുവാനും, അവയ്ക്ക് ശാസ്ത്രീയമായ പരിഹാരം കണ്ടെത്തുന്നതിന് സഹായകമായ മാർഗങ്ങളെക്കുറിച്ച് ചർച്ചചെയ്യുവാനും ഈ ജാഥ ശ്രമിക്കും.

ആധുനിക ശാസ്ത്രസാങ്കേതിക നേട്ടങ്ങളുടെ, ഗ്രാമതലത്തിലുള്ള പ്രസക്തി വിശദീകരിക്കുവാനും, ഗ്രാമതലത്തിൽ നടന്നു വരുന്ന ചൂഷണങ്ങളുടെപൊരുൾ ജനങ്ങളോടൊത്തിരുന്ന് വിശകലനം ചെയ്യുവാനും ഈ ജാഥ ശ്രമിക്കും.

നമ്മുടെ ഗ്രാമങ്ങളിൽ ശാസ്ത്രബോധത്തിന്റേതായ പുതിയൊരുവെളിച്ചം പടർത്തുന്നതിനുള്ള ഈ സംരംഭവുമായി സഹകരിക്കുവാൻ എല്ലാവരോടും അഭ്യർഥിക്കുന്നു.

ജനറൽ സെക്രട്ടറി
ശാസ്ത്രസാഹിത്യ പരിഷത്ത്
പരിഷത്ത്ഭവൻ
തിരുവനന്തപുരം 695001

ജനറൽ കൺവീനർ
ഗ്രാമശാസ്ത്രസമിതി
ശാസ്ത്രസാഹിത്യ പരിഷത്ത്
വാഴയൂർ
രാമനാട്ടുകര

പ്രതിരോധ കുത്തിവെപ്പുകൾ

1 പ്രതിരോധ കുത്തിവെപ്പുകളുടെ ഉദ്ദേശ്യമെന്ത്?
രോഗാധീനനാവാൻ ഇടയുള്ള ആളിന് രോഗത്തെ ചെറുത്തുനിൽക്കാനുള്ള പ്രതിരോധശക്തി പ്രദാനംചെയ്യലാണ് ഇവയുടെ ഉദ്ദേശ്യം.

2 ലോകത്തിൽ ആദ്യമുണ്ടായ പ്രതിരോധ കുത്തിവെപ്പ് ഏതായിരുന്നു?
വാക്സിനേഷൻ. 1796ൽ ഒരു ഇംഗ്ലീഷ് വൈദ്യശാസ്ത്രജ്ഞനായ എഡ്വേർഡ് ജന്നർ ഒരു പാൽക്കറവക്കാരിയുടെ കയ്യിലെ ഗോവസൂരികുമിളകളിൽ നിന്നുള്ള ദ്രാവകമെടുത്ത് ഒരു 8വയസ്സുള്ള ബാലനിൽ കുത്തിവെക്കുകയും അവന് വസൂരിപിടിപെട്ടിട്ടില്ലെന്ന് തെളിയിക്കുകയും ചെയ്തതോടെയാണ് പ്രതിരോധ കുത്തിവെപ്പിൻെറ തത്വം സാർവത്രികമായി അംഗീകരിക്കപ്പെട്ടത്.

3 പ്രതിരോധ വാക്സിനുകൾ തയ്യാറാക്കു

ന്നതെങ്ങനെ?

വീര്യം കുറഞ്ഞതോ കൊല്ലപ്പെട്ടതോ ആയ രോഗാണുക്കളെയോ നിർവീര്യമാക്കിയ അണുവിഷാംശമോ ഉപയോഗിച്ചാണ് പ്രതിരോധ വാക്സിനുകൾ തയ്യാറാക്കുന്നത്. ഇവ കുത്തിവെച്ചാൽ രോഗം ബാധിച്ചപോലെ ശരീരത്തിൽ പ്രതിരോധ സന്നാഹങ്ങൾ നടക്കുന്നു. രോഗാണുക്കളെ നശിപ്പിക്കാനുള്ള പ്രത്യേകവസ്തുക്കൾ (Antibodies) ഉൽപാദിപ്പിക്കപ്പെടുന്നു. ഇതിനെ ആർജിത പ്രതിരക്ഷ എന്നു പറയും. പല രോഗങ്ങളും ഒരിക്കൽ പിടിപെട്ടാൽ പിന്നീടാവർത്തിക്കാത്തത് ഈ വസ്തുക്കൾ ശരീരത്തിൽ അവശേഷിക്കുന്നതുകൊണ്ടാണ്.

4 ബി. സി. ജി. എന്നാൽ എന്ത്?

'ബാസിലസ് കാൽമെററി ഗ്വാറിൻ' ക്ഷയരോഗത്തിനെതിരായി പ്രതിരോധശക്തി വർധിപ്പിക്കുവാൻ ഉപയോഗിക്കുന്ന വാക്സിൻ. ഒരു പ്രത്യേക രീതിയിൽ വളർത്തുന്നതുമൂലം തീരെ ശക്തികുറഞ്ഞ ക്ഷയരോഗാണുക്കളാണിവ. പശുക്കളിൽ കാണുന്ന ക്ഷയരോഗ ബാസില്ലസിൽ നിന്നാണ് ഈ വാക്സിൻ നിർമിക്കുന്നത്. കാൽമെററ്, ഗ്വാറിൻ എന്ന രണ്ടു ഫ്രഞ്ച് അണുരോഗ വിദഗ്ധൻമാർ കണ്ടുപിടിച്ചതുകൊണ്ടാണ് ഈ പേർ കിട്ടിയത്.

5 BCG കുത്തിവെപ്പ് നടത്തുവാൻ ഏററവും പററിയ പ്രായം?
പ്രസവിച്ച ഉടനെയാണ് ഏററവും നല്ലത്. 6മാസം പ്രായമായതിനുശേഷമാണെങ്കിൽ ഒരു മാൻറോടെസ്ററു നടത്തി രോഗം വന്നിട്ടില്ലെന്ന് ഉറപ്പുവരുത്തിയശേഷം കൊടുക്കുന്നതായിരിക്കും നല്ലത്. അഞ്ചാമത്തേയും പത്താമത്തേയും വയസ്സിൽ അതുപോലെ ബൂസ്ററർ ഡോസുകളും കൊടുക്കണം.

6 എന്താണ് മാൻറോടെസ്ററ്?
(Mantoux test)
ക്ഷയരോഗമുണ്ടോ എന്നു കണ്ടുപിടിക്കാൻ നടത്തുന്ന പരീക്ഷണം. ടുബർക്കലിൻ എന്ന പദാർഥം തൊലിക്കിടയിൽ കുത്തിവെച്ച് അതിനുചുററുമുള്ള തടിപ്പ് പരിശോധിക്കുന്നു. വ്യക്തമായ ചുവന്ന തടിപ്പ് രോഗാണുസംക്രമണത്തെ സൂചിപ്പിക്കുന്നു. അങ്ങനെയുള്ളവർക്ക് BCG ആവശ്യമില്ല.

7 വാക്സിനേഷൻ ഏതു രോഗത്തിന്?
വസൂരിക്ക് (Small pox). ചിക്കൻപോക്സ് (ചൊള്ള) ഈ കുത്തിവെപ്പുകൊണ്ട് തടയാൻ കഴിയില്ല. ചിക്കന് ഫലപ്രദമായ കുത്തിവെപ്പ് ഇനിയും കണ്ടുപിടിച്ചിട്ടില്ല.

8 വാക്സിനേഷൻ നൽകേണ്ടത് എപ്പോഴാ?
നവജാതശിശുവിന് നൽകാം. 5-ാം വയ

സ്സിലും പിന്നീട് നാലുവർഷത്തി ലൊരിക്കലും ആവർത്തിക്കണം.

9 എന്താണ് ട്രിപ്പിൾ ആൻറിജൻ?

ഡിഫ്തീരിയ, ടെററനസ്, വില്ലൻചുമ എന്നീ അസുഖങ്ങൾക്കെതിരായ ഒന്നിച്ചുള്ള കുത്തിവെപ്പാണത്. മൂന്നുമാസം പ്രായമുള്ളപ്പോൾ ആരംഭിക്കാം. ആറ്-എട്ട് ആഴ്ചകളിടവിട്ട് 3 കുത്തിവെപ്പുകൾ നടത്തണം. ആദ്യത്തെ 3ഡോസുകൾ കഴിഞ്ഞ് ഒരു വർഷം കഴിയുമ്പോൾ ഒന്നാമത്തെ ബൂസ്ററർ ഡോസും പിന്നീട് 5 വർഷം കഴിയുമ്പോൾ രണ്ടാമത്തെ ബൂസ്ററർഡോസും നൽകണം.

10 എന്താണ് D T?

ഡിഫ്തീരിയ ടെററനസ് ടോക്സോയിഡ്. അഞ്ചുവയസ്സിനു മുകളിലുള്ളവർക്ക് ട്രിപ്പിൾ ആൻറിജൻ കൊടുത്തുകൂട. അവർക്ക് നൽകുന്ന ടെററാനസ് പ്രതിരോധ കുത്തിവെപ്പാണ് D.T. 10 വർഷത്തിലൊരിക്കൽ ഇതാവർത്തിക്കുന്നതു കൊള്ളാം.

11 ട്രിപ്പിൾ ആൻറിജൻെറ ഫലദായക ശക്തി എന്ത്?

വില്ലൻചുമയെ 80 ശതമാനവും ഡിഫ്തീരിയ ടെററനസ് രോഗങ്ങളെ 98-99 ശതമാനവും ഇതു തടയുന്നു.

12 എന്താണ് ടെററനസ്?

ക്ലോസ്ട്രീഡിയം ടെററാനെ എന്ന അണു ഉണ്ടാക്കുന്ന രോഗം. വായ്തുറക്കുവാ

നുള്ള വിഷമമാണ് രോഗത്തിൻെറ പ്രാരംഭലക്ഷണം. അതിനാൽ ഈ രോഗത്തെ ലോക്ക്ജാ എന്നും പറയും. രോഗാണുക്കഠം മനുഷ്യരുടെയും മൃഗങ്ങളുടെയും വിസർജ്യവസ്തുവിൽ വളരുന്നു. വളം ചേർന്ന മണ്ണിൽ ധാരാളമായി രോഗാണുക്കഠം കാണും. മണ്ണിൽനിന്ന് ആണി, കുപ്പിക്കഷണം എന്നിവ തറച്ച്മുറിവുണ്ടാകുമ്പോഠം ടെററനസ് രോഗാണുക്കഠം ശരീരത്തിൽ കടന്നു കൂടുവാനിടയുണ്ട്. പാദരക്ഷ ഉപയോഗിക്കാത്തവരെയും വയലിലും തോട്ടങ്ങളിലും പണിയെടുക്കുന്നവരെയുമാണ് രോഗം ബാധിക്കുന്നത്. ആശുപത്രികളിൽ ശസ്ത്രക്രിയോപകരണങ്ങഠം ശരിയായി അണുനശീകരണം സാധിക്കാത്തപക്ഷം അതുവഴിയും രോഗം ബാധിക്കാവുന്നതാണ്. സ്റെറിലൈസ് ചെയ്യാത്ത കത്രികകൊണ്ട് പൊക്കിഠംക്കൊടി മുറിച്ചാൽ കുട്ടിക്ക് ടെററനസ് ഉണ്ടാകും. രോഗാണു ശരീരത്തിൽ പ്രവേശിച്ചാൽ 2 മുതൽ 21 ദിവസത്തിനകം രോഗം ബാധിക്കാൻ സാധ്യതയുണ്ട്.

ഈ രോഗാണു ഒരുതരം വിഷം ഉണ്ടാക്കുകയും അതു നാഡികളെ ബാധിക്കുകയും ചെയ്യുന്നു. അതുകാരണം മാംസപേശികഠം അയവില്ലാതാകും. വാതുറക്കാൻവയ്യ. രോഗി വില്ലുപോലെ വളയുന്നു. ശരീരത്തിൽ തൊടുകയോ ഇളകു

കയോ ചെയ്താൽ മാംസപേശികൾ വലിഞ്ഞു വെട്ടലുണ്ടാവും. രോഗം ഗുരുതരമായാൽ 3-7 ദിവസത്തിനകം മരണം സംഭവിക്കുന്നു. നവജാതശിശുക്കൾക്ക് രോഗം ബാധിച്ചാൽ അപൂർവമായേ രക്ഷപ്പെടാറുള്ളൂ.

പ്രസവിച്ച ഉടനെ കുട്ടികൾക്ക് ഈ രോഗം വരാതിരിക്കാൻ അമ്മമാരിൽ ടെററാനസ് ടോക്സോയിഡ് കുത്തിവെക്കണം.

13 ടെററനസിനെ 'കുതിരസന്നി' എന്നു പറയാൻ കാരണമെന്ത്?

കുതിരച്ചാണകത്തിൽ നിന്നാണ് ഈ രോഗം പകരുന്നതെന്ന ധാരണയാണ് ആ പേരിനു കാരണം. വാസ്തവത്തിൽ മററു മൃഗങ്ങളുടെയും വിസർജ്യവസ്തുക്കളിൽ രോഗാണുക്കൾ വളരുന്നുണ്ട്.

14 എന്താണ് പോളിയോ?

കൊച്ചുകുട്ടികളെ ബാധിക്കുന്ന ഒരു നാഡീവ്യൂഹരോഗം. അതിസൂക്ഷ്മമായ ഒരുതരം വൈറസ്സാണിതിനു കാരണം. സുഷുമ്നാനാഡിയെയും സുഷുമ്നാശീർഷത്തെയുമാണ് രോഗം ബാധിക്കുന്നത്. ദുർലഭമായി മസ്തിഷ്കത്തേയും. വൈറസ്സുകൾ ശരീരത്തിൽ പ്രവേശിച്ചാൽ 7 മുതൽ 14 ദിവസം കഴിഞ്ഞാൽ രോഗലക്ഷണങ്ങൾ കാണാം. ശരീരഭാഗങ്ങൾ ശക്തി ക്ഷയിച്ചു തളരുന്നു. ആ ഭാഗം മെലിഞ്ഞുവളർച്ച നിലക്കുന്നു.

15 പോളിയൊ വൈറസ്സുകൾ സംക്രമി ക്കുന്നതെങ്ങനെ?
രോഗിയുടെയും രോഗവാഹകരുടെയും മലം, തുപ്പൽ, കഫം ഇവയിലൂടെ ഈച്ച രോഗം പകരാൻ സഹായിക്കുന്നു.

16 വില്ലൻചുമ ശരീരത്തിൻെറ ഏതു ഭാഗ ത്തെ ബാധിക്കുന്ന രോഗമാണ്?
ശ്വാസകോശത്തെ.

17 ഈ രോഗം ഉണ്ടാക്കുന്ന രോഗാണു ഏത്?
ബോർഡെടെല്ലാപെർടൂസിസ് എന്ന രോഗാണു.

18 ഇതെങ്ങനെയാണു പകരുന്നത്? പകർ ന്നാലുള്ള അപകടം?
സമ്പർക്കം മൂലം. നിറുത്താൻ കഴിയാ ത്ത ചുമയാണുലക്ഷണം. രക്തത്തിൽ ലിംഫോസൈററ് കോശങ്ങൾ കൂടുന്നു. ശ്വേതരക്താണുക്കളുടെ എണ്ണം വർധി ക്കുന്നു. വിവിധതരം ശ്വാസകോശരോഗ ങ്ങൾ ഇതുമൂലമുണ്ടാകുന്നു. (ന്യുമോ ണിയ, ന്യൂമോതോറാക്സ് തുടങ്ങി യവ)

19 ഡിഫ്തീരിയ എന്നാൽ എന്ത്?
കൊറൈൻ ബാക്ററീരിയം ഡിഫ്തീരി യ എന്ന പേരിലുള്ള അണുക്കളുണ്ടാക്കു ന്ന മാരകമായ ഒരു സാംക്രമിക രോഗം. മേലണ്ണാക്ക്, ലാറിംഗ്സ്, മൂക്കിലെ ചർമം, കൺപോളകൾ എന്നിവിടങ്ങളി ലെവിടെയെങ്കിലും താവളമുറപ്പിച്ച് ഒ രു വെളുത്ത പാട സൃഷ്ടിക്കുന്ന ഈ

അണുക്കൾ നേരിട്ട് രക്തത്തിൽ പ്രവേശിക്കുന്നില്ല. അവയുണ്ടാക്കുന്ന ഒരുതരം വിഷദ്രാവകം രക്തത്തിൽ പ്രവേശിച്ച് ഹൃദയം, നാഡീവ്യൂഹം, വൃക്കകൾ എന്നിവക്ക് കേടുപാടുകൾ വരുത്തുന്നു.

20 ഡിഫ്തീരിയ പകരുന്നതെങ്ങനെ?
രോഗിയോ രോഗവാഹകരോ ചുമക്കുകയോ സംസാരിക്കുകയോ ചെയ്യുമ്പോഴുണ്ടാകുന്ന ഉമിനീർകണങ്ങളിലൂടെ രോഗാണുക്കൾ സംക്രമിക്കുന്നു.

21 ഡിഫ്തീരിയയുടെ ലക്ഷണങ്ങൾ ഏവ?
തുടക്കത്തിൽ തൊണ്ടവേദനയും ആഹാരമിറക്കാൻ വിഷമവും. തൊണ്ട പരിശോധിച്ചാൽ ടോൺസിലൈററിസുകളിൽ ചാരനിറത്തിലുള്ള ഒരു പാടകാണാം. അതു നീക്കംചെയ്യാൻ ശ്രമിച്ചാൽ രക്തസ്രാവമുണ്ടാകും. കീഴ്ത്താടിക്കടിയിലുള്ള കഴലകൾ വലുതാവും. വിഴുങ്ങാനും ശ്വസിക്കാനും പ്രയാസം. ശ്വാസം കഴിക്കുമ്പോൾ പ്രത്യേക ശബ്ദം.

22 എന്താണ് മയോകാർഡൈറ്ററിസ്?
ഒരുതരം ഹൃദ്രോഗം. ഡിഫ്തീരിയ ഉണ്ടാക്കുന്ന വിഷദ്രാവകം രക്തത്തിൽ കലർന്ന് നാഡീവ്യൂഹത്തെ തളർത്തുന്നതുകാരണം ഇതുണ്ടാവാം.

23 എന്താണ് T A B?
ടൈഫോയിഡിന് എതിരായുള്ള പ്രതിരോധ കുത്തിവെപ്പ്. രോഗവുമായി

സമ്പർക്കമുള്ളവർക്കുമാത്രമേ ഇതു നൽകാറുള്ളൂ.

24 M M R വാക്സിൻ എന്നാലെന്ത്?

മണ്ണൻ (Measles) മുണ്ടിവീക്കം (Mumps) റുബെല്ല എന്ന 3 അസുഖങ്ങൾക്കുള്ള പ്രതിരോധ കുത്തിവെപ്പ്. നമ്മുടെ നാട്ടിലിത് ഇന്ന് സുലഭമല്ല.

25 പ്രതിരോധ കുത്തിവെപ്പുകൾ നടത്തേണ്ട ക്രമം ഏത്?

നവജാതശിശു—ബി. സി. ജി.

3 മാസം തികയുമ്പോൾ — ട്രിപ്പിൾ വാക്സിൻ, പോളിയൊവാക്സിൻ

നാലരമാസം തികയുമ്പോൾ — ,,

6 മാസം ,, — പോളിയൊ

ഏഴരമാസം ,, — ,,

9മാസം ,, — ,,

1വയസ്സ് ,, വാക്സിനേഷൻ (മസൂരിക്കെതിരെ)

ഒന്നരവയസ്സിനും 2 വയസ്സിനും ഇടക്ക്—ട്രിപ്പിൾ+പോളിയോ, ഒന്നാമത്തെ ബൂസ്ററർ ഡോസ്

5വയസ്സ്—1) ട്രിപ്പിൾ, പോളിയൊ. രണ്ടാമത്തെ ബൂസ്ററർ ഡോസ്

2) വാക്സിനേഷൻ, ബൂസ്ററർ ഡോസ്

Printed at Social Scientist Press, Pattom, Tvm-4